13.04.2024

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



# FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 13/04/2024

1. തെങ്ങിൻതോപ്പുകളിൽ ഉൽപാദനവർധനയ്ക്കായി ശാസ്ത്രീയ പരിപാലനമുറകൾ അനുവർത്തിക്കുന്നതിന് കൃഷിവകുപ്പ് സംയോജിതകൃഷിക്കു സഹായം നൽകുന്നു. മണ്ണുപരിപാലന ഉപാധികൾ, വേപ്പിൻപിണ്ണാക്ക്, എൻപികെ വളം, മഗ്നീഷ്യം സൽഫേറ്റ്, സസ്യസംരക്ഷണോപാധികൾ, ജീവാണുവളങ്ങൾ, ജൈവ കീടനാശിനികൾ, പച്ചിലവള വിത്തുകൾ, ഇടവിളകൾ എന്നിവയ്ക്കാണ് സഹായം. ക്ലസ്റ്റർ അടി സ്ഥാനത്തിൽ ഒരു പ്രദേശത്ത് തുടർച്ചയായി 25–50 ഹെക്ടറിൽ കൃഷി ചെയ്യുകയാണ് ലക്ഷ്യം. ഹെക്ടറിന് 35,000 രൂപ രണ്ടു ഗഡുക്കളായി സഹായം നൽകും.

2. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം പദ്ധതികൾ നടപ്പാക്കാൻ താൽപ്പര്യമുള്ള പഞ്ചായത്തുകൾക്ക് അപേക്ഷിക്കാം. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, പേട്ട, തിരുവനന്തപുരം, പിൻ–695024. ഫോൺ – 9495000920, 9495000933.

3. കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര സംസ്ഥാന വിത്തുൽപാദനകേന്ദ്രത്തിൽ ജ്യോതി ഇനം നെൽവിത്ത്, ചീര, വെള്ളരി പാവൽ, വെണ്ട, കുമ്പളം, മത്തൻ എന്നിവയുടെ വിത്തുകൾ, പച്ചക്കറിത്തൈകൾ, വേരു പിടിപ്പിച്ച കുരുമുളകുവള്ളികൾ, നാരകത്തൈകൾ, സീതപ്പഴം, പാഷൻഫ്രൂട്ട് തൈകൾ എന്നിവ ലഭ്യമാണ്. ഫോൺ നമ്പർ 9383471808.

4. കളനാശിനി പ്രയോഗത്തിന്റെ ദോഷഫലങ്ങൾ കുറയ്ക്കുന്ന ക്രോപ്പ് പ്രൊട്ടക്റ്റീവ് ഹെർബിസൈഡ് ആപ്ലിക്കേറ്റർ എന്ന കണ്ടുപിടിത്തത്തിന് കേരള കാർഷിക സർവകലാശാലയ്ക്കു പേറ്റന്റ് ലഭിച്ചു. യന്ത്രത്തെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495930693 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

5. കുറഞ്ഞ ചെലവിൽ പരിമിതമായ അളവിൽ വെള്ളമുപയോഗിച്ച് 8 ദിവസംകൊണ്ട് പച്ചപ്പുല്ല് ഉൽപാദിപ്പിക്കാവുന്ന ഹൈഡ്രോപോണിക്സ് സംവിധാനം തിരുവനന്തപുരം വെള്ളനാട് മിത്രനികേതൻ കൃഷിവിജ്ഞാനകേന്ദ്രത്തിൽ കർഷകർക്കു ലഭ്യമാണ്. 8 ഹൈഡ്രോപോണിക്സ് ട്രേ വയ്ക്കാൻ സാധിക്കുന്ന ഈ യൂണിറ്റ് സ്ഥാപിക്കാൻ കുറച്ചു സ്ഥലമേ ആവശ്യമുള്ളൂ. തീറ്റച്ചെലവ് കുറയ്ക്കാനുതകുന്ന ഈ സംവിധാനത്തിനു ചെലവ് 13,000 രൂപ. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9400288040

6. പത്തനംതിട്ട കൃഷി വിജ്ഞാനകേന്ദ്രം കൃഷിയിടങ്ങളിൽ ഡ്രോൺ ഉപയോഗത്തിന്റെ പ്രദർശനം നടത്തുന്നു. വളങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, ജൈവ കീടനാശിനികൾ തുടങ്ങിയവ പ്രയോഗിക്കാൻ ഡ്രോണുകൾ ഉപയോഗിക്കുന്നതിന്റെ മെച്ചം കർഷകരെ ധരിപ്പിക്കുകയാണു ലക്ഷ്യം. ജില്ലയിൽ വിവിധ പഞ്ചായത്തുകളിലായി 250 പ്രദർശനങ്ങൾ നടത്തും. താൽപര്യമുള്ള പഞ്ചായത്ത്/ കൃഷി ഭവൻ/ കർഷക ഗ്രൂപ്പുകൾ തുടങ്ങിയവ ബ്ലോക്കുതല നോഡൽ ഓഫിസറുമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് ഫോൺ 0469-2662094, 2661821, പുളിക്കീഴ്: 9447454627, മല്ലപ്പള്ളി: 9961254033, 9645027060, പന്തളം 9446056737, കോയിപ്രം & പറക്കോട്: 9526160155, കോന്നി & ഇലന്തൂർ: 9447801351

**പരിശീലന പരിപാടി**

7. മാർക്കറ്റ് മിസ്റ്ററി വർക്ക്ഷോപ്പ് കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എൻറർപ്രണർഷിപ്പ് ഡെവലപ്മെന്റ് സംരംഭകർക്കായി 'മാർക്കറ്റ് മിസ്റ്ററി' വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. ഏപ്രിൽ 18 മുതൽ 20 വരെ കളമശ്ശേരിയിലുള്ള കീഡ് ക്യാമ്പസിൽ വച്ചാണ് പരിശീലനം. എംഎസ്എംഇ മേഖലയിലെ സംരംഭകർ / എക്സിക്യൂട്ടീവ്സ് എന്നിവർക്ക് പങ്കെടുക്കാം. കോഴ്സ് ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ്ടി ഉൾപ്പെടെ 2950 രൂപയും താമസം ആവശ്യമില്ലാത്തവർക്ക് 1200 രൂപയുമാണ് ഫീസ്, പട്ടികജാതി- പട്ടികവർഗ

വിഭാഗത്തിൽപ്പെട്ടവർക്ക് 1800 രൂപ താമസം ഉൾപ്പെടെയും 800 രൂപ താമസം കൂടാതെയുമാണ് ഫീസ്. താല്പര്യമുള്ളവർ ഓൺലൈനായി ഏപ്രിൽ 16 നകം http://kied.info/training-calender ലിങ്കിൽ അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0484 2532890/2550322, 9188922800 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര കാർഷിക കോളേജിൽ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻ ഫുഡ് പ്രോസസ്സിംഗ് എന്ന വിഷയത്തിൽ ഒരു മാസത്തെ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. സീറ്റ് 25 ആയി നിജപ്പെടുത്തിയിട്ടുണ്ട്. കോഴ്സ് ഫീസ് 20,000 രൂപ. യോഗ്യത VHSE/HSE . അപേക്ഷിക്കേണ്ട അവസാന തീയതി 15.04.2024. കൂടുതൽ വിവരങ്ങൾക്ക് rabi@kau.in എന്ന ഈ മെയിൽ വിലാസത്തിലോ 04872438332 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക. അപേക്ഷിക്കുന്നതിന് tinyurl.com/edpfood

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം